M 8669

Reg. No.: ..............................

Name : ...................................

GOVT. BRENNEN COLLEGE
LIBRARY
THALASSERY

**II Semester B.A. Degree (CCSS – Supple./Improve.)**
**Examination, May 2015**
**CORE COURSE IN MALAYALAM**
**2 B 03 MAL : ചെറുകഥാസാഹിത്യം**
**(2012/2013 Admn.)**

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിനു ഉത്തരമെഴുതുക. ഓരോ വിഭാഗത്തിന്റെയും മൂല്യം (വെയിറ്റേജ്) 1. **(4×1=4 വെയിറ്റേജ്)**

1) താഴെ കൊടുത്തിട്ടുള്ള കഥകളുടെ കർത്താക്കളുടെ പേരെഴുതുക.

   a) ഷെർലക്ക്

   b) തഹസീൽദാരുടെ അച്ഛൻ

   c) വിവാഹപ്പിറ്റേന്ന്

   d) പുള്ളിമാൻ

2) ഉത്തരമെഴുതുക.

   a) പയ്യൻ എന്ന കഥാപാത്രത്തെ സൃഷ്ടിച്ചതാര് ?

   b) ഏത് കഥയെഴുതിയതിന്റെ പേരിലാണ് പൊൻകുന്നം വർക്കിക്ക് ജയിലിൽ പോകേണ്ടിവന്നത് ?

   c) കുട്ടനാടിന്റെ ഇതിഹാസകാരൻ ആര് ?

   d) 'പര്യായ കഥകൾ' ആരുടെ കഥാസമാഹാരമാണ് ?

3) "ഞാൻ എന്റെ ഷർട്ടു വാങ്ങിക്കും അതിന്റെ മാതൃക ഞാൻ നിശ്ചയിക്കുന്നതു തന്നെ."

   a) ആരുടെ വാക്കുകൾ ?

   b) ആരോട് പറയുന്നു ?

   c) സന്ദർഭമേത് ?

   d) ഏത് കൃതി ?

P.T.O.

4) ''നിങ്ങൾ കൊന്ന കുഞ്ഞുങ്ങൾക്ക് നിങ്ങൾ അവരെ കൊല്ലാൻ പോകുകയാണെന്ന് മനസ്സിലായോ ?

a) ആരാണ് ചോദിച്ചത് ?

b) ആരോടാണു ചോദിച്ചത് ?

c) ഏത് കഥയിലെ വാക്യമാണിത് ?

d) കഥാകൃത്ത് ആര് ?

5) ചേരുംപടി ചേർക്കുക.

a) സലാം അമേരിക്ക – എം. ടി. വാസുദേവൻ നായർ

b) ചൂളൈ മേടിലെ ശവങ്ങൾ – പി. സുരേന്ദ്രൻ

c) ഇരുട്ടിന്റെ ആത്മാവ് – സക്കറിയ

d) ഹരിതവിദ്യാലയം – എൻ. എസ്. മാധവൻ

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) ''ഇത് സിവിലാണ് ; ക്രിമിനലല്ല. എനിക്കിതിൽ ഒരു കാര്യവുമില്ല'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

7) ''അയാളുടെ അനുകമ്പ മനസ്സിലായെന്ന പോലെ, നന്ദി സൂചകമായി അതൊന്ന് മോങ്ങി'' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

8) ''കണ്ണടച്ച് മിണ്ടാതെ കിടന്നു. മനസ്സിനു മുൻപിൽ ആ കൊച്ചുകാളിയുടെ വിഗ്രഹം തെളിഞ്ഞു'' – ആരെക്കുറിച്ചാണ് പരാമർശം ? വ്യക്തമാക്കുക.

9) ''ഇന്ന് വേണോ ഉസ്താദ് ? ഇന്ന് പലതവണ ഉന്നം ചെറുതായി തെറ്റുന്നതുകണ്ടു''. – ആരുടെ വാക്കുകൾ ? വിശദമാക്കുക.

10) ''ശരി ആ വാക്കുകേട്ട് വിശ്വസിച്ചുപോയ ശകുന്തളയെപ്പോലെ ഞാനും ഒടുക്കം ദുഃഖിക്കേണ്ടി വന്നാലോ ?'' ആരുടെ വാക്കുകൾ ? വിശദമാക്കുക.

11) ''നമ്മുടെ നേർക്കു സംസാരിക്കുന്നവരുടെ മേൽ, കണ്ണിന് ഒരു ശക്തിയുണ്ട്. കണ്ണാടി വെച്ചാൽ അതു നഷ്ടമാകും''. വക്താവിന്റെ സ്വഭാവം ഈ പ്രസ്താവനയിലൂടെ വ്യക്തമാകുന്നുണ്ടോ ? പരിശോധിക്കുക.



III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

12) 'ദ്വാരക' എന്ന കഥയുടെ ഇതിവൃത്തം വിശകലനം ചെയ്യുക.

13) രാച്ചിയമ്മ അസാധാരണ വ്യക്തിത്വമുള്ള കഥാപാത്രമാണ് – നിരൂപണം ചെയ്യുക.

14) ഭാഷയിലെ റിയലിസ്റ്റിക് പ്രസ്ഥാനത്തിന് ലഭിച്ച മികച്ച കഥയാണ് 'വെള്ളപ്പൊക്കത്തിൽ' – വിശദമാക്കുക.

15) 'കത്തിയേറുകാരൻ' എന്ന കഥയുടെ ആഖ്യാനപരമായ മേന്മ വിശകലനം ചെയ്യുക.

16) 'ഒരു മുസ്തഫയും ഏട്ടമൽസ്യവും' എന്ന കഥ അവതരിപ്പിക്കുന്ന ആശയതലം വിശകലനം ചെയ്യുക.

17) 'കടൽക്കൊള്ള' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

18) ആധുനിക കഥയുടെ എന്തെല്ലാം സവിശേഷതകൾ 'മൂന്ന് അന്ധന്മാർ ആനയെ വിവരിക്കുന്നു' എന്ന കഥയിൽ കാണാം ? വിശദമാക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

19) ഫലിതസരസ്വതിയുടെ വിളയാട്ടമാണ് വി. കെ. എന്നിന്റെ കഥകളിൽ കാണാനാവുന്നത് – 'മാനാഞ്ചിറ ടെസ്റ്റ്' എന്ന കഥയെ ആധാരമാക്കി വിവരിക്കുക.

20) 'ഒട്ടകം' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

21) ആദ്യകാല മലയാളകഥകളുടെ സവിശേഷതകൾ ദ്വാരക, അന്യഥാ ചിന്തിതം കാര്യം ദൈവമന്ത്യത്ര ചിന്തയേൽ എന്നീ കഥകളെ ആധാരമാക്കി വിവരിക്കുക.

22) 'കടുഗണ്ണാവ ഒരു യാത്രക്കുറിപ്പ് ' എന്ന കഥയിലെ കഥാപാത്രങ്ങളെക്കുറിച്ച് വിവരിക്കുക.

23) 'ആർക്കറിയാം' എന്ന കഥയുടെ ആഖ്യാനപരമായ സവിശേഷതകളെക്കുറിച്ച് വിവരിക്കുക.

---